# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2090** **16.08.2017-ൽ മറുപടിയ്ക്ക്**

### ഇതരസംസ്ഥാന ലോട്ടറി വില്പനയ്ക്ക് നിയന്ത്രണം

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. നിലവിൽ വന്ന സാഹചര്യത്തിൽ, ഇതരസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരം നൽകുന്നുണ്ടോ; വിശദമാക്കാമോ; | (എ) | കേന്ദ്ര ഗവൺമെന്റിന്റെ 1998 ലെ ലോട്ടറി റെഗുലേഷൻ ആക്ട്, 2010 ലെ ലോട്ടറി റൂൾസ് എന്നിവ പ്രകാരം നിഷ്കർഷിക്കുന്ന റൂളുകളും, വ്യവസ്ഥകളും കർശനമായി പാലിച്ച മാത്രമേ സംസ്ഥാനത്തിനകത്ത് ലോട്ടറി വിൽപ്പന നടത്തുവാൻ സാധിക്കുകയുള്ളൂ. നിയമവിധേയമല്ലാത്ത മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തിനകത്ത് ഇതരസംസ്ഥാന ലോട്ടറികൾ വിൽപന നടത്തുന്നത് നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. |
| (ബി) | ഇതരസംസ്ഥാന ലോട്ടറി വില്പനയ്ക്ക് നിയന്ത്രണ മേർപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചത് ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ്; വിശദമാക്കാമോ; | (ബി) | കേരള ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ഓർഡിനൻസ് 2017 സെക്ഷൻ-164 ന്റെ അടിസ്ഥാനത്തിൽ ജൂലൈ 27 തീയതിയിലെ ജി.ഒ.(പി) നമ്പർ.93/2017/ടാക്സസ് പ്രകാരം ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെടുത്തി റൂൾ ഭേദഗതി ചെയ്ത് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഇതരസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് അനുവദിക്കുന്നതിലൂടെ എന്തെല്ലാം സാമ്പത്തിക പ്രത്യാഘാതങ്ങളാണ് സംസ്ഥാനം നേരിടുന്നത്; ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇതരസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കാൻ അനുവദിച്ചാൽ സംസ്ഥാനത്തിന് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഭാഗ്യക്കുറിയിലൂടെ ലഭിക്കേണ്ട വരുമാനത്തെ അത് ദോഷകരമായി ബാധിക്കും. കൂടാതെ ലാഭം മാത്രം ലക്ഷ്യമാക്കി നിയമവിധേയമല്ലാത്ത മാർഗ്ഗങ്ങളിലൂടെയുള്ള ഇതര സംസ്ഥാന ലോട്ടറി നടത്തിപ്പ് സംസ്ഥാനത്തിനകത്ത് സാമൂഹിക അരക്ഷിതാവസ്ഥയും സൃഷ്ടിക്കും. |

സെക്ഷൻ ഓഫീസർ.